LIBRARY ARCHIVES Kerala Legislative Assembly

ചേർത്തലയിൽ ചരിത്ര മ്യൂസിയം

42 (5389) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല കടക്കരപ്പള്ളി തൈക്കൽ എന്ന പ്രദേശത്ത് മണ്ണിനടിയിൽ കണ്ടെത്തിയ നൂറ്റാണ്ടുകൾ പഴക്കമുള്ള പായ്ക്കപ്പൽ പഠനങ്ങൾക്കായി പുരാവസ്തു വകുപ്പിന് കൈമാറി നാളിതുവരെയായിട്ടും പഠനങ്ങൾ പൂർത്തിയായിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലം ചരിത്ര മ്യൂസിയമാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ : എങ്കിൽ നിലവിലെ സ്ഥിതി എന്താണ് ; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) പുരാവസ്തു ഗവേഷണത്തിനായി ലക്ഷങ്ങൾ മുടക്കിയിട്ടും പഠനങ്ങൾ പോലും പൂർത്തിയാക്കാത്ത പദ്ധതികൾ അതിവേഗം പൂർത്തിയാക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ചേർത്തല താലൂക്കിലെ കടക്കരപ്പള്ളി - വില്ലേജിലെ തൈക്കൽ എന്ന സ്ഥലത്ത് ഉത്ഖനനം ചെയ്തെടുത്ത നൂറ്റാണ്ടുകൾ പഴക്കമുള്ള പായ്ക്കപ്പലും അതിനോട് ചേർന്നുള്ള പ്രദേശവും സൈറ്റ് മ്യൂസിയം ആക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. ഇതിനായി നാഷണൽ റിസർച്ച് ലബോറട്ടറിയുടെ സഹായം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാകാത്തതിനാൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയെ സമീപിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം വേലി കെട്ടി സംരക്ഷിക്കുന്നതിന് 31,42,728 രൂപയുടെ കരാർ പ്രകാരമുള്ള പണികൾ പൂർത്തിയായിവരുന്നു. പ്രസ്തുത സംരക്ഷിത സ്മാരകത്തിന്റെ സംരക്ഷണ പണികളും സൈറ്റ് മ്യൂസിയം തുടങ്ങാനുള്ള പ്രവർത്തനങ്ങളും അകാരണമായി താമസിച്ചിട്ടില്ല.

(സി) പുരാവസ്തു ഗവേഷണങ്ങൾക്ക് സാങ്കേതിക വിദഗ്ദ്ധരുടെ സേവനവും ഭാരിച്ച ചെലവും ആവശ്യമായതിനാൽ ഇതെല്ലാം ഒരുമിച്ച് ലഭ്യമായാൽ മാത്രമേ പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ.